**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1378** | **01-02-2024 - ൽ മറുപടിയ്ക്ക്**

**വെഡ്ഡിങ് ഡെസ്റ്റിനേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വെഡ്ഡിങ് ഡെസ്റ്റിനേഷനുകളായി ഉപയോഗപ്പെടുത്താൻ കഴിയുന്ന കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേരളത്തെ മികച്ച വിവാഹ വിനോദസഞ്ചാര ഡെസ്റ്റിനേഷനാക്കി മാറ്റാനുള്ള പ്രചരണ പരിപാടികൾ വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേരളത്തിന്റെ വിവാഹ വിനോദസഞ്ചാര സാധ്യതകൾ ആഭ്യന്തര - വിദേശ വിനോദ സഞ്ചാരികളെ പരിചയപ്പെടുത്തുവാനും അവരെ കേരളത്തിലേക്ക് ആകർഷിക്കുവാനും ഇതിലൂടെ ലക്ഷ്യമിടുന്നു.<br><br>കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങളിലുള്ള ഹോട്ടലുകളിലും റിസോർട്ടുകളിലും ഡെസ്റ്റിനേഷൻ വെഡ്ഡിംഗിന്റെ ഭാഗമായി വിവാഹങ്ങളും അതുമായി ബന്ധപ്പെട്ട ചടങ്ങുകളും നടത്തിവരുന്നു.<br><br>ലോകത്തിലെ ഏറ്റവും ആകർഷകമായ ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് കേന്ദ്രങ്ങളിൽ ഒന്നെന്ന നിലയിൽ ശ്രദ്ധ നേടിയിട്ടുള്ള കേരളത്തിന്റെ മനോഹാരിത പ്രശസ്ത ഇന്ത്യൻ അമേരിക്കൻ ഗായിക വിദ്യാവോക്സിന്റെ കേരളം പശ്ചാത്തലമാകുന്ന "ശുഭമാംഗല്യം" എന്ന വീഡിയോഗാനത്തിലൂടെ അവതരിപ്പിച്ചിട്ടുണ്ട്.<br><br>കേരളത്തെ മികച്ച ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് കേന്ദ്രമായി ഉയർത്തുന്നതിനുവേണ്ടി സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ വഴിയും, വിവിധ എയർപോർട്ടുകളിലും വിനോദസഞ്ചാര വകുപ്പ് വിവിധ പ്രചരണ പരിപാടികൾ നടത്തിവരുന്നു.<br><br>ട്രാവൽ പ്ലസ് ലിഷർ ഇന്ത്യ ആന്റ് സൗത്ത് ഏഷ്യ മാഗസിൻ 2022-ലെ മികച്ച വിവാഹ ഡെസ്റ്റിനേഷൻ ആയി കേരളത്തെ തെരഞ്ഞെടുത്തിരുന്നു. |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരത്ത് ശംഖുമുഖം കടൽതീരത്തിനടുത്തായി ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. കെ.റ്റി.ഡി.സി.-യുടെ കോവളത്തുള്ള സമുദ്ര ഹോട്ടലിലും ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് സൗകര്യം തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം കേന്ദ്രങ്ങളെയാണ് വെഡ്ഡിങ് ഡെസ്റ്റിനേഷനുകളായി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം. |
| (സി) | നിലവിൽ ഏതെങ്കിലും കേന്ദ്രത്തെ വെഡ്ഡിങ് ഡെസ്റ്റിനേഷനായി വികസിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിവരം ലഭ്യമാക്കുമോ; | (സി) | (എ) പിരിവിന്റെ അതേ ഉത്തരം. |
| (ഡി) | പ്രധാന വെഡ്ഡിങ് ഡെസ്റ്റിനേഷനുകളുടെ പ്രൗഢി വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | (എ) പിരിവിന്റെ അതേ ഉത്തരം. |

സെക്ഷൻ ഓഫീസർ